"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വിലങ്ങാട് ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് മെയ് മാസത്തിൽ സൗജന്യ റേഷൻ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.187/2025/DMD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.88 /2025/ഡിഎംഡി തീയതി 27/12/2024

2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 28/02/2025 ലെ CCS/6768/2024-A10 നമ്പർ കത്ത്

**ഉത്തരവ്**

വിലങ്ങാട് ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് ഫെബ്രുവരി, മാർച്ച്, എപ്രിൽ മാസങ്ങളിൽ സൗജന്യ റേഷൻ അനുവദിക്കാൻ പരാമർശം(1) പ്രകാരം അനുമതി നല്കിയിരുന്നു. ഫെബ്രുവരി മാസത്തെ റേഷൻ വിതരണം കഴിഞ്ഞതിനാൽ മാർച്ച് ഏപ്രിൽ മാസങ്ങളിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി e-pos Machine-ൽ ആവശ്യമായ ക്രമീകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും, ഫെബ്രുവരി മാസത്തെ സൗജന്യ റേഷൻ അനുവദിക്കുവാൻ സാധിക്കാത്തതിനാൽ ഫെബ്രുവരി മാസത്തിനു പകരമായി മെയ് മാസത്തിൽ സൗജന്യ റേഷൻ അനുവദിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരമാർശം(2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിലങ്ങാട് ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് ഫെബ്രുവരി മാസത്തിൽ സൗജന്യ റേഷൻ അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഫെബ്രുവരി മാസത്തിനു പകരമായി മെയ് മാസത്തിൽ സൗജന്യ റേഷൻ അനുവദിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, കോഴിക്കോട്
പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഭക്ഷ്യപൊതു വിതരണ വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 01-04-2025 10:35:50
സെക്ഷൻ ഓഫീസർ